**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1661** **08-12-2022 - ൽ മറുപടിയ്ക്ക്**

**വായ്പാകുടിശ്ശിക ഗഡുക്കളാക്കി നൽകിവന്നിരുന്നത് പുനസ്ഥാപിക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ . പി . അനിൽ കുമാർ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ബാങ്കുകൾ ഉൾപ്പെടെയുള്ള ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് എടുത്ത വായ്പകൾ വിവിധ കാരണങ്ങളാൽ തിരിച്ചടയ്ക്കാൻ സാധിക്കാതെ വരുന്ന സാഹചര്യത്തിൽ റവന്യൂ റിക്കവറി നോട്ടീസ് ലഭിച്ചതിന് ശേഷവും വായ്പാകുടിശ്ശിക ഗഡുക്കളായി അടക്കാനുള്ള അവസരം നൽകി വന്നിരുന്നത് നിർത്തലാക്കിയിട്ടുണ്ടോ;എങ്കിൽ വിശദവിവരം ലഭ്യമാക്കുമോ; | (എ) | WP(C)24799/2018-മേലുള്ള 9.8.2019 -ലെ വിധിന്യായം പ്രകാരം HDFC ബാങ്ക് കുടിശ്ശികയ്ക്ക് ഗഡുക്കൾ അനുവദിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവുകൾ ബഹു. കോടതി റദ്ദാക്കിയിരുന്നു. ആയതിനെതിരെ സർക്കാർ റിട്ട് അപ്പീൽ (WA No.864/2022) ഫയൽ ചെയ്യുകയും പ്രസ്തുത റിട്ട് അപ്പീൽ ബഹു. ഹൈക്കോടതി 30.09.2022-ൽ തള്ളി തീർപ്പാക്കുകയും ചെയ്തു. പ്രസ്തുത വിധി ന്യായത്തിൽ കേരള റവന്യൂ റിക്കവറി ആക്ട് 1968-ൽ കുടിശ്ശിക തുക ഗഡുക്കളായി ഒടുക്കുന്നതിന് അനുവദിക്കാൻ സർക്കാരിനോ മന്ത്രിക്കോ അധികാരം നൽകുന്നില്ല എന്ന് പ്രതിപാദിച്ചിട്ടുണ്ട്. ടി വിധിന്യായം സർക്കാരിൽ ലഭിച്ചതിനു ശേഷം സർക്കാർ, സഹകരണ ബാങ്ക് കുടിശ്ശികയ്ക്ക് മാത്രമാണ് തവണ അനുവദിച്ച് വരുന്നത്. |
| (ബി) | ആയത് പുനസ്ഥാപിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | വായ്പാ കുടിശ്ശികകൾക്ക് ഗഡുക്കൾ അനുവദിക്കുന്നതിന് റവന്യൂ റിക്കവറി ആക്ടിൽ ആവശ്യമായ ഭേദഗതികൾ കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | ആയത് പുനസ്ഥാപിക്കുന്നതുവരെ റവന്യൂ റിക്കവറി നടപടികൾ നിർത്തിവയ്ക്കാൻ നടപടി സ്വീകരിക്കുമോ; വിശദവിവരം ലഭ്യമാക്കുമോ? | (സി) | നിലവിലെ റവന്യൂ റിക്കവറി ആക്ട് പ്രകാരം റവന്യൂ റിക്കവറി നടപടികൾ നിർത്തി വയ്ക്കാൻ സാധിക്കുന്നതല്ല |

സെക്ഷൻ ഓഫീസർ